ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാടിന് അനുകൂലമായി വനം വകുപ്പ് ഉദ്യോഗസ്ഥരോ, ജില്ലയിലെ മറ്റ് ഉദ്യോഗസ്ഥരോ പെരുമാറുകയോ മറ്റ് സഹായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല.

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്ന് കണ്ണകി ക്ഷേത്രം കൈവശപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധിൽപ്പെട്ടിട്ടില്ല. എന്നാൽ മംഗളാദേവി ക്ഷേത്ര സംരക്ഷണം എന്ന വിഷയം ഉന്നയിച്ചുകൊണ്ട് തമിഴ്നാട്ടിലെ കമ്പം ആസ്ഥാനമായുള്ള കണ്ണകി ട്രസ്റ്റ് ഭാരവാഹികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസ് (WP(C)No. 14853/2014) ഫയൽ ചെയ്തിട്ടുണ്ട്.

മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ക്ഷേമ പദ്ധതികൾ

93 (T 2912) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ചുവടെചേർക്കും പ്രകാരമാണ് 25 കോടി രൂപ വകയിരുത്തിയിരുന്നത്.

ക്രമ നമ്പർ	പദ്ധതി	ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ)
1	മൂലധന നിക്ഷേപം	1000
2	ഓപ്പറേഷണൽ എക്സ്പെൻസ്	60
3	കോച്ചിംഗ് അസിസ്റ്റന്റ്സ്	140
4	ടേം ലോൺ അസിസ്റ്റന്റ്സ്	400
5	സ്കോളർഷിപ്പ് പ്രോഗ്രാം	800
6	സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം	100
	ആകെ	2500

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

മൂലധന ഇനത്തിൽ വകയിരുത്തിയ 10 കോടി രൂപയിൽ ആദ്യ ഗഡുവായി അനുവദിച്ച 4 കോടി രൂപ വിനിയോഗിച്ച് IDBI ബാങ്കിന്റെ സഹകരണത്തോടെ MSME & Agro Purpose Sector-ൽ ഗുണഭോക്താക്കൾ സ്വയംതൊഴിൽ പദ്ധതിക്കായി എടുക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ശേഷിച്ച 6 കോടി രൂപയും സെപ്റ്റംബർ 30-നകം ഈ പദ്ധതിക്കുവേണ്ടി വിനിയോഗിക്കാൻ കഴിയും.

കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതിയിൽ അനുവദിച്ച 140 ലക്ഷം രൂപ വിനിയോഗിച്ച് Medical/Engineering Entrance, Bank/PSC/UPSC Coaching എന്നീ വിഭാഗങ്ങളിൽ അർഹരായ വിദ്യാർത്ഥികൾക്ക്/ഉദ്യോഗാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

Term Loan Assistance സ്കീമിൽ 3333 ഗുണഭോക്താക്കൾക്കായി 400 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 2376 ഗുണഭോക്താക്കളെ മാത്രമേ അവസാനമായി സെലക്ട് ചെയ്യാൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ ഈ സ്കീമിന് 2,01,37,283 രൂപ മാത്രം ആവശ്യമായി വരികയും ഈ തുക Nationalised Bank/Scheduled Bank/Co-operative Bank എന്നിവിടങ്ങളിൽ നിന്നും Self Help Group/Joint Liability Group-കൾ സ്വയം തൊഴിലിനായി എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2376 സംഘങ്ങൾക്ക് പലിശ സഹായത്തിന്റെ പ്രയോജനം ലഭിച്ചു. ഈ സ്കീമിൽ ഉപയോഗപ്പെടുത്താൻ കഴിയാതിരുന്ന 1,98,62,717 രൂപ മെറിറ്റ് സ്കോളർഷിപ്പ് സ്കീമിലേക്ക് റീ അലോക്കേറ്റ് ചെയ്തിട്ടുണ്ട്.

ഇപ്രകാരം സ്കോളർഷിപ്പ് സ്കീമിനായി വകയിരുത്തിയിരുന്ന 998.62 ലക്ഷം രൂപയിൽ 5 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. High School, Higher Secondary, CA/ICWA/CS, Bachelors Degree, Masters Degree, Diploma, National Level Institute എന്നീ തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഈ തുക വിനിയോഗിച്ചുവരുന്നു. ബാക്കിയുള്ള 498.62 ലക്ഷം രൂപയും സർക്കാർ അനുമതിയോടെ സെപ്റ്റംബർ 30-നകം വിനിയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമിനായി വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ Kerala Academy for Skill Excellence എന്ന സ്ഥാപനവുമായി ചേർന്ന് നടപ്പാക്കുന്ന നൈപുണ്യ വികസന പദ്ധതിയുടെ ആദ്യഘട്ടത്തിലേക്കായി വിനിയോഗിച്ചിട്ടുണ്ട്. ബാക്കി 50 ലക്ഷം രൂപ സെപ്റ്റംബർ 30-നകം ഈ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly